# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 18 | ലക്കം 12 | പേജ് 4 | ഏപ്രിൽ 16 – 30



2 മറ്റുള്ളവരെ കാണാനും കരുതാനും ഇടവകയിലെ ഇടവകയിലെ ആത്മീയ സംഘടനകൾ പ്രവർത്തിക്കണം

2 സംയുക്ത ഓർമ്മപ്പെരുന്നാൾ

3 ധ്യാനപീഠം

4 ബസ്ക്യാമ്മ അസോസിയേഷൻ


## നിരാലംബർക്കു തണലേകുകയാണ് ദേവാലയത്തിനു പുറത്തുള്ള ആരാധന : പ.കാതോലിക്കാ ബാവാ

മനാമ : സാധുക്കളെയും നിരാലംബരെയും സഹായിക്കുകയാണ് ദേവാലയങ്ങൾക്കു പുറത്തുള്ള ആരാധനയെന്ന് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പറഞ്ഞു.

ബഹ്റിൻ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിൽ ഹാശാ ആഴ്ച ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുവാൻ ബഹ്റിനിലെത്തിയ ബാവാ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു. മറ്റു മതങ്ങളെ ബഹുമാനിക്കുകയും അതോടൊപ്പം സ്വന്തം മതത്തിൽ ഉറച്ചുനിൽക്കുകയുമാണ് മതസഹിഷ്ണുത. മതങ്ങൾ തമ്മിലുള്ള പ്രശ്നപരിഹാരം സമാധാനത്തിലൂടെയും സഹിഷ്ണുതയിലൂടെയും മാത്രമെ സാധ്യമാവുകയുള്ളു. മതമേലദ്ധ്യക്ഷന്മാർ തമ്മിലുള്ള സമാധാന ചർച്ചകളും ആശയ വിനിമയങ്ങളും വളരെ ആവശ്യമാണ്. സഭയ്ക്ക് ആകമാനമായി ഒരു പ്രശ്ന പരിഹാരം എളുപ്പമല്ല. പ്രാദേശിക തലത്തിൽ ഒരു പ്രശ്നപരിഹാരം ഉണ്ടായാൽ സഭ അത് പ്രോത്സാഹിപ്പിക്കും. ഭരണപക്ഷത്തിന്റെ വശത്തുനിന്നല്ല സാധാരണക്കാരന്റെ വശത്തുനിന്നാണ് പരിഹാരം ഉണ്ടാകേണ്ടത്. സഭയ്ക്ക് ഭരണഘടനയുണ്ടായാൽ അതനുസരിച്ചേ സഭയ്ക്കു മുന്നോട്ടു പോകാനാവൂ. സഭയുടെ ഭരണഘടനയുടെ സത്ത എന്നു പറയുന്നത് സഭാനേതൃത്വത്തിന്റെ തീരുമാനങ്ങളെ ഒരിക്കലും അടിച്ചേൽപ്പിക്കാനാകില്ല എന്നതാണ്. മറിച്ച് അവരുടെ തീരുമാനങ്ങളെ അംഗീകരിക്കുവാൻ പറ്റും. ഈ വിധത്തിൽ പലയിടങ്ങളിലും പ്രശ്നപരിഹാരം നടന്നതായും ബാവാ പറഞ്ഞു. വികാരി ഫാ.ജേക്കബ് കോശി, ട്രസ്റ്റി ബിജു ഏബ്രഹാം, സെക്രട്ടറി ബിനുരാജ് തരകൻ, മീഡിയ ആന്റ് പബ്ലിസിറ്റി കൺവീനർ ലെനി പി.മാത്യു എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

## പാമ്പാടി പെരുന്നാൾ സമാപിച്ചു

പാമ്പാടി : കാലംചെയ്ത കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ 47-ാമത് ഓർമ്മപ്പെരുന്നാൾ സമാപിച്ചു. പൊത്തൻപുറം മൗണ്ട് താബോർ ദയറാപള്ളിയിൽ നടന്ന വി.മൂന്നിന്മേൽ കുർബ്ബാനയിൽ പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ, പ.ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവാ, ഗീവർഗീസ് മാർ ഈവാനിയോസ് എന്നിവർ പ്രധാന കാർമ്മികത്വം വഹിച്ചു. സഖറിയാസ് മാർ അന്തോണിയോസ്, ഗീവർഗീസ് മാർ കൂറിലോസ് എന്നിവർ സഹകാർമ്മികരായിരുന്നു. കുർബ്ബാന മദ്ധ്യേ പയകാതോലിക്കാ ബാവാ അനുസ്മരണപ്രഭാഷണം നടത്തി. തുടർന്ന് പ്രദക്ഷിണം, നേർച്ചവിളമ്പ് എന്നിവ നടന്നു. പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രലിൽനിന്നും ദയറായിലേക്ക് നടന്ന പ്രദക്ഷിണത്തിൽ നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്തു. കബറിങ്കൽ ധൂപപ്രാർത്ഥനയും രാത്രിമുഴുവൻ നീണ്ട അഖണ്ഡപ്രാർത്ഥനയും നടന്നു.

## ശുശ്രൂഷക സംഘം വാർഷിക പരിശീലന ക്യാമ്പ്

പരുമല : അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘത്തിന്റെ വാർഷിക പരിശീലന ക്യാമ്പ് 2012 മെയ് 7 മുതൽ 9 വരെയുള്ള ദിവസങ്ങളിൽ പരുമല സെമിനാരിയിൽവെച്ച് നടത്തുന്നു. പ.കാതോലിക്കാ ബാവാ തിരുമേനിയും മറ്റ് മെത്രാപ്പോലീത്തന്മാരും പങ്കെടുക്കുന്നു. ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്, ഡോ.മാത്യൂസ് മാർ തീമോത്തിയോസ്, ഫാ.ഡോ.എം.ഒ.ജോൺ, ഫാ.ഡോ.എം.പി.ജോർജ് തുടങ്ങിയവർ വിവിധ വിഷയങ്ങളിലുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യും. ഈ വർഷത്തെ മുഖ്യ ചിന്താവിഷയം അവന്റെ ഇഷ്ടം ചെയ്യുന്നവരായി അവന്റെ സർവ്വ സൈന്യങ്ങളുമേ യഹോവയെ സ്തുതിപ്പിൻ (സങ്കീർത്തനം 103:21) ആണ്. എല്ലാ ഇടവകകളിലേക്കും സഭാകേന്ദ്രത്തിൽനിന്നും അയച്ചിട്ടുള്ള രജിസ്ട്രേഷൻ ഫോമുകൾ നിശ്ചിത തീയതിക്കുള്ളിൽ തിരിച്ചയച്ച് കൊടുക്കണമെന്ന് അറിയിക്കുന്നു.

## അസോസിയേഷൻ യോഗലിസ്റ്റിൽ അഴിമതി നടന്നതായി ആരോപണം

ഷാജി മഠത്തിലേത്ത്

പത്തനംതിട്ട അസോസിയേഷനിൽ വടക്കൻ ഭദ്രാസനങ്ങളിൽനിന്നുള്ള പള്ളി പ്രതിനിധികളുടെ ലിസ്റ്റിൽ അഴിമതി നടന്നതായി ആരോപണം. ഇല്ലാത്ത പള്ളികളുടെ പേരിലും ഒരേ പള്ളിയെ തന്നെ രണ്ടു ഭദ്രാസനങ്ങളിൽ ഉൾപ്പെടുത്തിയും ഇല്ലാത്ത ആളുകൾക്ക് വോട്ടുചെയ്യാൻ സൗകര്യമൊരുക്കി എന്നതാണ് ആരോപണം. കഴിഞ്ഞ ലക്കം വിശ്വാസസംരക്ഷകനിൽ വന്ന ഒരു വാർത്ത താഴെചേർക്കുന്നു.

### ഒന്നായനിന്നെയിഹ ആറെന്ന്

മെത്രാൻ കക്ഷി പള്ളിയുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയ യാക്കോബായ പള്ളികളിൽ ഏതാനും ചിലതിൽ ഉദാഹരണം മാത്രമാണ് മേൽ വിവരിച്ചത്. അതിലും വലിയ തട്ടിപ്പ് നടന്നത് ചില പള്ളികളുടെ പ്രാധിനിധ്യം സംബന്ധിച്ചാണ്. മെത്രാൻപക്ഷ (തൃശൂർ ഭദ്രാസനം 1982-ൽ പ.പാത്രിയർക്കീസ് ബാവായുടെ കല്പന പ്രകാരം നിലവിൽ വന്നതാണ്. മെത്രാൻ കക്ഷിക്ക് ഇതിനു പകരം കുന്നംകുളം ഭദ്രാസനം 1985-ൽ നിലവിൽ വന്നു. മണ്ണൂത്തി അരമനയും അടിച്ചുകൊണ്ട് ഭദ്രാസന മെത്രാൻ കാലുമാറിയപ്പോൾ മുതൽ പേരിന് ഒരു ഭദ്രാസനവുമായി അദ്ദേഹം ഉലകംചുറ്റുന്നു.) കൊച്ചി – കുന്നംകുളം – തൃശൂർ

(ശേഷം പേജ് 2-ൽ)

## പുതുപ്പള്ളി, ചന്ദനപ്പള്ളി തുടങ്ങിയ പള്ളികളിൽ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ

കോട്ടയം : പുതുപ്പള്ളി, ചന്ദനപ്പള്ളി തുടങ്ങി മലങ്കരസഭയുടെ വിവിധ പള്ളികളിൽ വി. ഗീവർഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ പ.കാതോലിക്കാ ബാവായുടെയും സഭയിലെ മറ്റു മെത്രാപ്പോലീത്തന്മാരുടെയും പ്രധാന കാർമ്മികത്വത്തിൽ മെയ് 5,6,7 തീയതികളിൽ വിവിധ പരിപാടികളോടെ ആഘോഷിക്കും. വി.ഒൻപതിന്മേൽ കുർബ്ബാന, വി.അഞ്ചിന്മേൽ കുർബ്ബാന, സാംസ്ക്കാരിക സമ്മേളനം, പൊന്നിൻകുരിശ് പ്രതിഷ്ഠ, വെച്ചൂട്ട്, ചെമ്പെടുപ്പ്, റാസ തുടങ്ങിയവ പെരുന്നാളിനോടനുബന്ധിച്ച് നടത്തപ്പെടുന്നു.

## ഫാ.ഡോ.വി.സി.ശമുവേൽ ജന്മശതാബ്ദി ആഘോഷം

പത്തനംതിട്ട : വേദശാസ്ത്രപണ്ഡിതൻ ഫാ.ഡോ.വി.സി.ശമുവേലിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ചുള്ള അനുസ്മരണ ചടങ്ങുകൾ ഫാ.ഡോ.വി.സി.ശമുവേൽ സ്റ്റഡി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഓമല്ലൂർ സെന്റ് തോമസ് ഓർത്തഡോക്സ് വലിയപള്ളി ഓഡിറ്റോറിയത്തിൽ നടത്തി. അനുസ്മരണ പരിപാടി പ.ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി.

www.fathervcsamuelfoundation.com വെബ്സൈറ്റിന്റെ ഉദ്ഘാടനം ജോഷ്വാ മാർ ഇഗ്നാത്തിയോസ് നിർവ്വഹിച്ചു.

ബാംഗ്ലൂരിലും നാഗ്പൂരിലും കേരളത്തിലുമായി അനുസ്മരണ ചടങ്ങുകൾ, സെമിനാറുകൾ, സമ്പൂർണ്ണ സമാഹാര പുസ്തക പ്രകാശനം, ചരിത്രപ്രദർശനം എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

ഗ്രീക്ക് സുറിയാനി ഭാഷയിലെ കയ്യെഴുത്തുപ്രതികൾ, ഇന്ത്യയിലും വിദേശത്തും പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ, ഫോട്ടോകൾ എന്നിവയും പ്രദർശനത്തിനു ക്രമീകരിച്ചിട്ടുണ്ട്.

## അലൈനിൽ പ.വട്ടശ്ശേരിൽ തിരുമേനിയുടെ നാമത്തിലുള്ള ദേവാലയത്തിന്റെ ശിലാസ്ഥാപനം ഏപ്രിൽ 20ന്

അൽഐൻ : മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഖ്യാപിത പരിശുദ്ധൻ സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ നാമത്തിൽ പ്രഖ്യാപിക്കപ്പെട്ട ആദ്യ ഇടവകയാണ് അൽഐൻ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ചർച്ച്. അബുദാബി എമിറേറ്റിൽ അൽഐനിൽ ദേവാലയനിർമ്മാണത്തിനായി അബുദാബി ഗവൺമെന്റ് അനുവദിച്ചു നൽകിയ സ്ഥലത്ത് ഏപ്രിൽ 20ന് വൈകിട്ട് 4.30ന് ദേവാലയത്തിന്റെ ശിലാസ്ഥാപനം നടത്തപ്പെടുകയാണ്. ഡൽഹി ഭദ്രാസന മെത്രാപ്പോലീത്താ ഡോ.യൂഹാനോൻ മാർ ദിമെത്രയോസ്, ബാംഗ്ലൂർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ.ഏബ്രഹാം മാർ സെറാഫിം എന്നിവർ മുഖ്യ കാർമ്മികരാകുന്ന ശുശ്രൂഷയ്ക്ക് നിരവധി വൈദികരും വിശ്വാസികളും പങ്കെടുക്കും. ശിലാസ്ഥാപനത്തെ തുടർന്നു നടക്കുന്ന പൊതുസമ്മേളനത്തിൽ മത-സാമൂഹ്യ-സാംസ്ക്കാരിക രംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കും. ശിലാസ്ഥാപനകർമ്മത്തിന്റെ നടത്തിപ്പിനായി ഇടവകവികാരി ഫാ.സജി ഏബ്രഹാമിന്റെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചു.

## അസോസിയേഷൻ സെക്രട്ടറി തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ നേതാക്കന്മാരുടെ ഇടപെടലുകൾ ഉണ്ടായതായി വാർത്ത

കോട്ടയം : മലങ്കര സഭയുടെ അസോസിയേഷൻ സെക്രട്ടറി തെരഞ്ഞെടുപ്പിൽ രാഷ്ട്രീയ നേതാക്കന്മാരുടെ ഇടപെടൽ ഉണ്ടായതായി വിവിധ മാധ്യമങ്ങളിലും ടി.വി.ചാനലുകളിലും റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. മാധ്യമം ദിനപത്രത്തിൽ തെരഞ്ഞെടുപ്പിൽ ചെന്നിത്തലയുടെ സ്ഥാനാർത്ഥിക്കു തോൽവി എന്ന തലക്കെട്ടിൽ വന്ന ഒരു വാർത്ത ചുവടെ ചേർക്കുന്നു.

### തെരഞ്ഞെടുപ്പിൽ ചെന്നിത്തലയുടെ സ്ഥാനാർത്ഥിക്ക് തോൽവി

### ഓർത്തഡോക്സ് സഭ : രമേശിന്റെ നീക്കം പാളി

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉൾപ്പെടുന്ന മലങ്കര ഓർത്തഡോക്സ് സഭ തന്റെ രാഷ്ട്രീയ നിയന്ത്രണത്തിലാക്കാനുള്ള രമേശ് ചെന്നിത്തലയുടെ നീക്കം പാളി. ഓർത്തഡോക്സ് സഭാ സെക്രട്ടറി തെരഞ്ഞെടുപ്പിലാണ് കെ.പി.സി.സി. പ്രസിഡന്റിന്റെ ഇടപെടൽ. കോട്ടയം പഴയ സെമിനാരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ നിലവിലെ സെക്രട്ടറി ഡോ. ജോർജ് ജോസഫ് രമേശ് ചെന്നിത്തലയുടെ താൽപര്യക്കാരനായ അഡ്വ.ബിജു ഉമ്മനെ പരാജയപ്പെടുത്തുകയും ചെയ്തു. സഭയിലെ മെത്രാപ്പോലീത്താമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളുമടക്കം 187 പേർ പങ്കെടുത്ത വോട്ടെടുപ്പിൽ 107 വോട്ട് ഡോ.ജോർജ് ജോസഫിനും 80 വോട്ട് ബിജുവിനും ലഭിച്ചു.

മാനേജിംഗ് കമ്മിറ്റിയിൽ ഡി.സി.സി. അംഗങ്ങളും ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരും ഉൾപ്പെടെ മുപ്പത്തഞ്ചോളം

(ശേഷം പേജ് 2-ൽ)

# ഒന്നാംസ്ഥാനം നേടി



ഏബ്രഹാം വർഗീസ്



റേച്ചൽ റെജി

ന്യൂഡൽഹി : സരിതവിഹാർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ നടന്ന പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ സ്മാരക ക്വിസ് മത്സരത്തിൽ തുടർച്ചയായി മൂന്നാം തവണയും ഒന്നാം സ്ഥാനം നേടിയ ദിൽഷാദ് ഗാർഡൻ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയിലെ ഏബ്രഹാം വർഗീസ് വന്നല മുട്ടത്തുതറയും റേച്ചൽ റെജിയും

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ലില്ലി ബോംബെ**

## കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

**എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള–673 591, ഫോൺ : 04936–247274, 9446733201**

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993–ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമയിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുത. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRG0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

# സംയുക്ത ഓർമ്മപ്പെരുന്നാൾ

പുത്തൻകാവ് : സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ കബറടങ്ങിയിരിക്കുന്ന ആറാം മാർത്തോമ്മാ, എട്ടാം മാർത്തോമ്മാ, ഗീവർഗീസ് മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സംയുക്ത ഓർമ്മപ്പെരുന്നാൾ ഏപ്രിൽ 15 മുതൽ 17 വരെ ആഘോഷിക്കും. പെരുന്നാളിന് റവ.ടി.എം.സഖറിയാ കോർഎപ്പിസ്കോപ്പാ കൊടിയേറ്റി. 15ന് വി.കുർബ്ബാനയെ തുടർന്ന് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ അഖില മലങ്കര പ്രസംഗമത്സരം, ക്വിസ് മത്സരം എന്നിവ നടക്കും. 16ന് വൈകിട്ട് ഫാ.വിൽസൺ മാത്യു അനുസ്മരണ പ്രഭാഷണം നടത്തും. 17ന് പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വി.മൂന്നിന്മേൽകുർബ്ബാനയും തുടർന്ന് മാർ പീലക്സിനോസ് ഫ്രണ്ട്സ് അസോസിയേഷൻ ചെങ്ങന്നൂർ ഭദ്രാസനത്തിനു നൽകുന്ന ആംബുലൻസിന്റെ താക്കോൽദാനവും നടക്കും. പെരുന്നാൾ ക്രമീകരണങ്ങൾക്ക് വികാരി ഫാ.മത്തായി കുന്നിൽ, ട്രസ്റ്റി ഉമ്മൻ ജോർജ്ജ്, സെക്രട്ടറി മാത്യൂസ് ഏബ്രഹാം എന്നിവർ നേതൃത്വം നൽകുന്നു.

## രമേശിന്റെ നീക്കം....പേജ് 1–ൽ

കോൺഗ്രസുകാരുമുണ്ട്. ഇവരിൽ പലരോടും ബിജു ഉമ്മന് വോട്ടുചെയ്യണമെന്ന് രമേശ് ചെന്നിത്തല നേരിട്ടും അല്ലാതെയും വിളിച്ചുപറഞ്ഞിരുന്നു. മാർത്തോമ്മാ സഭയുടെ ട്രസ്റ്റിയായ ഒരാളും രമേശിനുവേണ്ടി ബിജു ഉമ്മന് വോട്ട് അഭ്യർത്ഥിച്ചു. ഭാവി മുഖ്യമന്ത്രിക്കുവേണ്ടി എന്ന രീതിയിലാണ് രമേശിനോട് അടുപ്പമുള്ളവർ സഭാമാനേജിംഗ് കമ്മിറ്റി അംഗങ്ങളെ ബന്ധപ്പെട്ടത്. കണ്ണൂരിലെ ഒരു പഞ്ചായത്തു പ്രസിഡന്റുകൂടിയായ മാനേജിംഗ് കമ്മിറ്റി അംഗം രമേശിന്റെ ഇടപെടലിനെ ചോദ്യം ചെയ്തപ്പോൾ, ഹരിപ്പാട് നിയമസഭാ തെരഞ്ഞെടുപ്പിൽ ഓർത്തഡോക്സ് സഭ തന്നെ കാര്യമായി ഉപദ്രവിച്ചുവെന്നും അതിനുപിന്നിൽ സഭാ സെക്രട്ടറിയായ ജോർജ് ജോസഫ് ആയിരുന്നെന്നുമാണ് മറുപടി നൽകിയത്.

ആറുമാസം മുമ്പ് മാനേജിംഗ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന ഭദ്രാസന തെരഞ്ഞെടുപ്പിൽപോലും ഇത്തരം ഇടപെടൽ ഉണ്ടായതായി ഓർത്തഡോക്സ് സഭയിലെ പ്രമുഖൻ മാധ്യമത്തോട് പറഞ്ഞു.

വാശിയേറിയ തെരഞ്ഞെടുപ്പായിരുന്നു ഇക്കുറി ഓർത്തഡോക്സ് സഭാ സെക്രട്ടറി സ്ഥാനത്തേക്ക് നടന്നത്. കഴിഞ്ഞതവണ അഞ്ചുപേരാണ് സെക്രട്ടറി സ്ഥാനത്തേക്ക് മത്സരിച്ചത്. ഒന്നും രണ്ടും സ്ഥാനത്തെത്തിയ ജോർജ് ജോസഫും അഡ്വ.ബിജു ഉമ്മനും തമ്മിൽ അന്ന് രണ്ട് വോട്ടിന്റെ വ്യത്യാസം മാത്രമെ ഉണ്ടായിരുന്നുള്ളു. ഇക്കുറി രണ്ടുപേർ മാത്രം മത്സരിച്ചപ്പോൾ കൂടുതൽ പേർ വോട്ടുചെയ്യാനെത്തിയെന്ന് മാത്രമല്ല, ജോർജ് ജോസഫിന്റെ ഭൂരിപക്ഷം വർധിക്കുകയും ചെയ്തു. രമേശിന്റെ ഇടപെടലാണ് ഇതിനു കാരണമായതെന്ന് ചൂണ്ടിക്കാട്ടപ്പെടുന്നുണ്ട്. ഉമ്മൻ ചാണ്ടി തെരഞ്ഞെടുപ്പിൽ നിഷ്പക്ഷ നിലപാടാണ് കൈക്കൊണ്ടതെങ്കിലും രമേശിന്റെ ഇടപെടൽ കാരണം അദ്ദേഹത്തിന്റെ മൗനമായ പിന്തുണ ജോർജിന് ലഭിക്കാനുമിടയായി. (എം.ഷറഫുല്ലാഖാൻ, മാധ്യമംദിനപത്രം)

## അസോസിയേഷൻ.....പേജ് 1–ൽനിന്ന്

ഭദ്രാസനങ്ങളിലാണ് പ്രധാനമായും ഒരു പള്ളിയെ പ്രതിനിധീകരിച്ച് ഇരുഭദ്രാസനങ്ങളിൽനിന്ന് പ്രതിനിധികൾ പോയത്. ഉദാഹരണമായി രണ്ടു പള്ളിക്കാരുടെ വിവരങ്ങൾ പരിശോധിക്കാം. ചേലക്കര സെന്റ് ജോർജ് പള്ളി മെത്രാൻ പക്ഷത്തെ തൃശൂർ ഭദ്രാസനത്തിലെ നാലാം നമ്പരായി ചേർത്തിരിക്കുന്ന പള്ളിയാണ് അവിടെനിന്ന് ഒരു വൈദികനും രണ്ട് അത്മായനും പ്രതിനിധികളാണ്. ഇതേ പള്ളി കുന്നംകുളം ഭദ്രാസനത്തിലെ ഏഴാം നമ്പരായി ചേർത്തിരിക്കുന്നു. മേൽപറഞ്ഞ പ്രാതിനിധ്യം അവിടെനിന്നും ഉണ്ടായിരിക്കുന്നു! പെങ്ങാമുക്ക് പള്ളി (സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ്) കൊച്ചി ഭദ്രാസനത്തിൽ 24–ാം നമ്പരായും തൃശൂരിൽ 33–ാം നമ്പരായും ചേർത്തിരിക്കുന്നു. 3+2 എന്ന ക്രമത്തിൽ പ്രതിനിധികളും ഉണ്ട്. ഇതുപോലെ നിരവധി പള്ളികൾ ഈ മൂന്ന് ഭദ്രാസനങ്ങളിലും ഡബിൾ പ്രാതിനിധ്യം നേടിയിട്ടുണ്ട്.

മെത്രാൻ കക്ഷി വടക്കൻ ഭദ്രാസനങ്ങളിൽ മിക്കവാറും എല്ലായിടത്തും വൈദികരുടെ പ്രാതിനിധ്യവും ഡബിളും ട്രിപ്പിളും ക്വോഡ്രിപ്പിളും മറ്റുമാണ്. അങ്കമാലി ഭദ്രാസനത്തിൽപെട്ട ഒരു മെത്രാൻകക്ഷി കത്തനാർ ആറ് പള്ളികളിലെ വികാരിയാണ്. മെത്രാൻ പക്ഷ പോത്താനിക്കാട് മഹാഇടവക കൂടാതെയാണ് മറ്റ് അഞ്ച് പള്ളികളിലെ അദ്ദേഹത്തിന്റെ വികാരിസ്ഥാനം. മാസത്തിൽ ആകെ നാല് ഞായറാഴ്ചയാണുള്ളത്. ചിലപ്പോൾ അഞ്ച് കാണും. അന്നേരമാണ് മേൽപടി കത്തനാർ ആറ് പള്ളികളിലെ വികാരി സ്ഥാനം അലങ്കരിക്കുന്നത്. ചുരുക്കം പറഞ്ഞാൽ മാസത്തിൽ ഒരുതവണ ഒരുപള്ളിയിൽ ചെല്ലാൻ പറ്റാത്ത വിധമാണ് അദ്ദേഹത്തിന്റെ ചുമതല! ഇതേപോലെയാണ് വടക്കത്തെ പല പള്ളികളിലേയും പ്രാതിനിധ്യം. ഒരു വൈദികൻ തന്നെ മൂന്നും നാലും പള്ളികളെ പ്രതിനിധീകരിക്കുന്നു! തൃശൂർ, അങ്കമാലി ഭദ്രാസനങ്ങളിൽ ഇത്തരക്കാരുടെ ചാകരതന്നെയാണ്. ലിസ്റ്റിൽ പറയുന്ന പല പള്ളികളും മേൽപ്പടി വികാരിമാർക്ക് കാലുകുത്താൻ പറ്റാത്ത അവസ്ഥയാണ്. (അങ്കമാലി ഭദ്രാസനത്തിന്റേതെന്ന് പറയുന്ന ലിസ്റ്റിൽ 145 പള്ളികളുണ്ട്! ഏറ്റവും കൂടുതൽ പള്ളികളുള്ള ഭദ്രാസനവും അങ്കമാലി തന്നെ). കാരണം ഇവരെയൊക്കെ നിയമിച്ചിരിക്കുന്നത് യാക്കോബായക്കാരുടെ മാത്രം കൈവശമുള്ള പള്ളികളിലേക്കാണ്. ഒന്നായനിന്നെയിഹ രണ്ടെന്ന് കണ്ട........ എന്നതു മാറ്റി ഒന്നായനിന്നെയിഹ ആറെന്നുകണ്ടു എന്നു മാറ്റി എഴുതേണ്ട കാലം അതിക്രമിച്ചു.

## മറ്റുള്ളവരെ കാണാനും കരുതാനും ഇടവകയിലെ ആത്മീയ സംഘടനകൾ പ്രവർത്തിക്കണം : പൗലോസ് മാർ പക്കോമിയോസ്

കറ്റാനം : ഇടവകയിലെ ആത്മീയ സംഘടനകളുടെ പ്രവർത്തനം മറ്റുള്ളവരെ കാണാനും കരുതാനുമുള്ളതായിരിക്കണം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ ഭാവിതലമുറയോട് നമ്മൾ ചെയ്യുന്ന വലിയ തെറ്റാണെന്ന് മാവേലിക്കര ഭദ്രാസനാധിപൻ പൗലോസ് മാർ പക്കോമിയോസ് തിരുമേനി പറഞ്ഞു. കാതോലിക്കാദിനമായ 36–ാം ഞായറാഴ്ച കറ്റാനം സെന്റ് സ്റ്റീഫൻസ് വലിയപള്ളിയിൽ നടന്ന വി.മൂന്നിന്മേൽ കുർബ്ബാനയ്ക്കുശേഷം ഇടവകജനങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പള്ളിയിൽ രാവിലെ എത്തിച്ചേർന്ന തിരുമേനിയെ വികാരി ഫാ.കെ.കെ.തോമസ്, ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, പള്ളിശുശ്രൂഷക്കാർ തുടങ്ങിയവർ ചേർന്നു സ്വീകരിച്ചു. തുടർന്ന് തിരുമേനി കാതോലിക്കേറ്റ് പതാക ഉയർത്തി.

## ചുമതലയേറ്റു



അഹമ്മദാബാദ് ഭദ്രാസന സെക്രട്ടറിയായി ചുമതലയേറ്റ ഫാ.ജേക്കബ് മാത്യു. തോട്ടപ്പുഴ സെന്റ് ഗ്രിഗോറിയോസ് പള്ളി ഇടവകാംഗമായ അദ്ദേഹം 1999 മുതൽ ഗുജറാത്തിൽ വിവിധ പള്ളികളിലും സ്കൂളുകളിലും പ്രവർത്തിക്കുന്നു.

# അടുത്തവർക്കിടയിലെ ഇന്നത്തെ ദൂരം ഇരുന്നൂറു മുഴം

## ധ്യാനപീഠം

ഫാ.ജോൺ റ്റി.വർഗീസ് കുളക്കട

**പുതുഞായറാഴ്ചയ്ക്കുശേഷം ഒന്നാം ഞായറാഴ്ച (വി.യോഹ.21:1–14)**

ഇത് മൂന്നാം തവണയാണ് യേശുതമ്പുരാൻ തന്റെ ഉയർപ്പിനുശേഷം ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുന്നത്. ഇവിടെ തിബെര്യോസ് കടലിന്റെ തീരത്ത് 7 പേരുടെ കൂട്ടമാണുള്ളത്. കൂട്ടത്തിലെ നേതാവായി ശീമോനും. നിരാശപൂണ്ട് കടലിൽ അലയുന്ന ഏഴുപേരെ കരയിൽ വിളിച്ചിരുത്തി ഊട്ടിയുറപ്പിക്കുന്ന വാത്സല്യമുള്ള യേശുവിനെയാണ് നാം ഇവിടെ ദർശിക്കുന്നത്.

**ഞാൻ എന്റെ പഴയ പണിക്ക് പോകുന്നു**

ഞാൻ മീൻപിടിക്കാൻ പോകുന്നു എന്ന പത്രോസിന്റെ വാക്കുകളിൽ ഒരു പിൻമടക്കത്തിന്റെ ഗ്രാഫ് കാണാം. പണ്ട് മത്സ്യബന്ധനത്തിന്റെ തിരക്കിൽനിന്ന്, പടകിന്റെയും പരൽമീന്റെയും ഗന്ധത്തിൽനിന്ന് മനുഷ്യരെ നേടുന്ന മഹാനിയോഗത്തിലേക്ക് വിളിക്കപ്പെട്ടയാളാണ്. എന്നാൽ തങ്ങളുടെ ഗുരുവിന്റെ ഉയർപ്പിനുശേഷമുള്ള നാളുകളിൽ പഴയതുപോലെ തങ്ങളുടെ നാഥൻ കൂടെയില്ലാത്തത് സൃഷ്ടിച്ച വിരസതയും വിശപ്പും പഴയ തൊഴിലിലേക്ക് മടങ്ങാൻ ഈ കൂട്ടത്തെ പ്രേരിപ്പിക്കുന്നു. ഞാൻ മീൻപിടിപ്പാൻ പോകുന്നു എന്നു പറയുമ്പോൾ ഞാൻ എന്റെ പഴയ പണിക്ക് പോകുന്നു എന്ന മനംമാറ്റം നാം കണ്ടെത്തുന്നു. ചില നേരങ്ങളിൽ നമ്മളൊക്കെ ഇങ്ങനെയാകുന്നുണ്ട്. നിയോഗങ്ങൾ ഉള്ളിൽ മരവിക്കുമ്പോൾ ഉള്ളിലെ പഴയ മനുഷ്യൻ പഴയ പല കാര്യങ്ങൾക്കും പ്രേരിപ്പിക്കും. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു എന്നാണ് പരിശുദ്ധനായ പൗലോസ് ശ്ലീഹാ പറയുന്നത്. ക്രിസ്തുവിലുള്ള പുതിയ സൃഷ്ടിയായ നിനക്ക് പഴയ കാര്യങ്ങളിലേക്ക് അഥവാ ഉപേക്ഷിച്ച ചില ശീലങ്ങളിലേക്ക് പിന്നെയും എങ്ങനെ ഇടപെടാനാകും. പുതിയ കാര്യങ്ങളും പുതുക്കപ്പെട്ടതും മറക്കുകയും പഴയ ശീലങ്ങളെ മനസ്സിന്റെ ഫ്ളോപ്പിയിലേക്ക് തിരികെ കൊണ്ടുവരികയും ചെയ്യുമ്പോഴുള്ള ഫലം പരിതാപകരമാണ്. മുക്കുവക്കൂട്ടം രാത്രി മുഴുവൻ മാറിമാറി അദ്ധ്വാനിച്ചിട്ടും കിഴക്ക് വെള്ളകീറുമ്പോൾ ശൂന്യമായ വലയും ഒട്ടിയ വയറുമായി പടകിൽ തളർന്നിരിക്കുന്നു. തികഞ്ഞ മുക്കുവപ്രമാണിയായ ശീമോനെ നസറേത്തിന്റെ മഹാതച്ചൻ മുക്കുവപണി പഠിപ്പിക്കുന്നു. നീ എത്രമാത്രം നിന്റെ മേഖലയിൽ മിടുക്കനായിരുന്നാലും യേശുവില്ലാതെ ചില നേരങ്ങളുണ്ടാകുന്നതുകൊണ്ടാണ് രാത്രിമുഴുവൻ അധ്വാനിച്ചിട്ടും എന്നിലെയും നിന്നെയും ശീമോന് ഒന്നും കിട്ടാതെ പോകുന്നത്. നമ്മളൊക്കെ തലയ്ക്ക് കയ്യും കൊടുത്ത് അമ്പേ തളർന്നിരിക്കുന്നത്.

**കടലിലൊളിപ്പിക്കുന്ന നഗ്നതയുടെ നാണം**

കഴിഞ്ഞ കുറേ മണിക്കൂറുകളായി നഗ്നനായി പടകിൽ ചുറ്റിതിരിഞ്ഞ പത്രോസിന് അതുവരെ തോന്നാത്ത നാണം ഇപ്പോൾ തോന്നുന്നു. കരയിൽ നിൽക്കുന്നത് തന്റെ കർത്താവാണെന്നറിയുമ്പോൾ കലശലായ നാണത്തിൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടുന്നു. ശൂന്യമായ വല ഒരു മുക്കുവന്റെ ഗതികേടാണ്. ഈ ഗതികേടിലാണ് ഒരാൾ സ്വന്തം നഗ്നത തിരിച്ചറിയുന്നത്. ഈ നഗ്നത ശാരീരികമല്ല ആത്മാവിന്റെ വെളിപ്പെടുത്തലാണ്. എല്ലാ ആവരണവും അവിടെ അപ്രസക്തമാകുന്നു. അതുകൊണ്ടാണ് അങ്കി ഉണ്ടായിട്ടും പത്രോസ് അതുടുത്ത് കടലിൽ ഒളിക്കുന്നത്. പുറംകുപ്പായം ധരിച്ചുകൊണ്ട് നീന്തുന്നതിനേക്കാൾ ആയാസരഹിതവും സുരക്ഷിതവുമായിരുന്നു നിന്ന അവസ്ഥയിൽ നഗ്നനായി നീന്തുന്നത്. പക്ഷെ ആ സുരക്ഷിതത്വത്തേക്കാൾ പത്രോസ് ഇപ്പോൾ വില കല്പിക്കുന്നത് തന്റെ നഗ്നതയുടെ ബോധത്തെക്കുറിച്ചാണ്. ഏദനിലും സംഭവിക്കുന്നത് ഇതേപോലെയൊരു പ്രതിഭാസമാണ്. അന്നു വൈകുന്നേരം വരെ തോന്നാത്ത നാണമെന്ന വികാരം ദൂരെയൊരു കാലൊച്ച കേൾക്കുമ്പോൾ ആദത്തേയും ഹവ്വായേയും ഭരിക്കുന്നു. പിന്നെ മരങ്ങൾക്കുപിന്നിൽ നഗ്നതയുടെ നാണം ഒളിപ്പിച്ചു പിടിക്കുന്നു. പണ്ട് കടലിൽ നടന്നു നാഴികയിൽ താണുപോരകുമ്പോൾ കരഞ്ഞുതളരുന്ന പത്രോസിന് ഇവിടെ കടലിലേക്ക് എടുത്തുചാടാൻ ഒരു ഭയവുമില്ല. വേദപസ്തകത്തിൽ പലയിടത്തും കടൽ ഒരു ഈറ്റില്ലമാണ്. പുതിയ ജീവന്റെ ഈറ്റില്ലം. ചെങ്കടൽ കടക്കുന്ന യോർദ്ദാൻ കടക്കുന്ന ഇസ്രായേൽ ജനം പോലെ ശീമോൻ കടലിൽനിന്ന് കയറുമ്പോൾ ഒരു പുതുസ്നാനം കഴിഞ്ഞതുപോലെയായി. തിബര്യാസിലെ ഉപ്പുവെള്ളം പത്രോസിന്റെ ഉടലിലും മനസ്സിലും ആന്തരീക സൗഖ്യത്തിന്റെ ഉപ്പുവിതറി. സുവിശേഷം പറയുന്നത് ശീമോൻ ഒറ്റയ്ക്ക് നൂറ്റി അൻപത്തിമൂന്ന് വലിയ മത്സ്യങ്ങളുടെ വല വലിച്ചുകയറ്റി. വളരെ ഉണ്ടായിട്ടും വല കീറാതെ ഇത്തിരി മുൻപ് ബാക്കി ആറുപേരുംകൂടി തീരം വരെ ഇഴച്ചുകൊണ്ടുവന്ന വലയാണ് എന്നോർക്കണം. ശീമോൻ വീണ്ടും ഇതാ ഉറപ്പുള്ള പാറയായിരിക്കുന്നു.

ഇരുനൂറുമുഴം ദൂരം – അടുത്തവർക്കിടയിലെ ഇന്നത്തെ ദൂരം

അവർ കരയിൽനിന്ന് ഏകദേശം ഇരുനൂറ് മുഴത്തിലധികം അകലെയല്ലായിരുന്നു (യോഹ.21:8)

അവർ പതിമൂന്നുപേർ ഒരുമിച്ചായിരുന്നു എല്ലാ കാര്യങ്ങളിലും. ഊണും ഉറക്കവും എല്ലാത്തിലും. പക്ഷെ ഇപ്പോൾ അവർക്കിടയിൽ ഇരുനൂറുമുഴം ദൂരമുണ്ട്. ഈ ദൂരത്തിനപ്പുറത്ത് ശിഷ്യരുടെ മുഖം മ്ലാനമാണ്. കരം ശൂന്യമാണ്. ഉള്ളത്തിൽ ഭാരമാണ്. വി.ലൂക്കോസ് 15–ലെ പിതാവിന്റെ വീട്ടിൽനിന്ന് പന്നിക്കൂട്ടത്തിലേക്കുള്ള ദൂരത്തെയും ഇങ്ങനെതന്നെ വേണം വിളിക്കാൻ. കാരണം ആ ധൂർത്തപുത്രന്റെ രൂപവും മേൽപറഞ്ഞതുതന്നെയാണല്ലോ. ഇനി എന്നിലും ഈ മ്ലാനതയും ഭാരവും ശൂന്യതയും കൂനകൂടിയിരിക്കുന്നു. സംശയമില്ല. ഞാനും നാഥനിൽനിന്ന് ഇരുനൂറുമുഴത്തോളം അകലെയാണ്. അവന്റെ സ്നേഹത്തിൽനിന്ന് ഞാൻ പിന്നോക്കം പോയ ദൂരം സുബോധം വന്ന ധൂർത്തപുത്രൻ ആ ദൂരം തിരികെയെത്തുന്നു. ഇവിടെ അവനവന്റെ സ്ഥിതിയെക്കുറിച്ച് നാണം തോന്നിയ ശിഷ്യർ ആ ദൂരം തിരികെയെത്തുന്നു. തിരികെയെത്തിയ രണ്ടിടത്തും ഓരോ വിരുന്നുണ്ട്. ആദ്യത്തെയിടത്ത് അറുക്കപ്പെട്ട കാളക്കുട്ടിയുടെ വിരുന്ന്. രണ്ടാമത്തെയിടത്ത് തണുത്ത പ്രഭാതത്തിൽ ചൂടോടെ കനലിൽമേൽ വറുത്ത മീനും, അപ്പവും മീനും കാത്തിരിക്കുന്നു. നമ്മളൊക്കെ എന്തുമാത്രം അകന്നുമാറിയിട്ടുണ്ടെന്ന് അളന്നുകുറിക്കുക. എന്നിട്ട് തിരികെയെത്താനായി വിരുന്നൊരുക്കി കാത്തിരിക്കുന്നവനെ കിനാവു കാണുക. ഇപ്പോൾ പിടിച്ചതും അവൻ തീരത്ത് ചോദിക്കുന്നുമെന്നതും മറക്കാതെ ഓർക്കുക. ദൈവമേ ഇപ്പോൾ പിടിച്ചത് കൊടുക്കാൻ എന്റെ കയ്യിലില്ലല്ലോ.

**പുതുഞായറാഴ്ചയ്ക്കുശേഷം രണ്ടാം ഞായറാഴ്ച**

**(വേദഭാഗം : വി.യോഹ.21:15–19)**

തൊട്ട് മുൻപ് വായിച്ചതും ചിന്തിച്ചതുമായ വേദഭാഗത്തിന്റെ തുടർച്ചയാണ് ഇന്നത്തെ ഏവൻഗേലിയോൻ. കർത്താവ് ഒരുക്കിയ പ്രാതൽ കഴിച്ച് തൃപ്തരായിരിക്കുന്ന സമൂഹത്തിൽ ശീമോന്റെ കണ്ണുകളിൽ നോക്കി മൂന്നു ചോദ്യങ്ങളെറിയുന്നു. മുൻപ് പ്രായോഗികതയിൽ പലയിടത്തും ഭീരുവായവൻ ഇനി വിശ്വാസത്തിലും തീരുമാനത്തിലും പിൻപോട്ടില്ല എന്ന് ദൃഢനിശ്ചയത്തോടെ മൊഴിയുന്നു.

**പത്രോസിന്റെ സ്വയം കണ്ടെത്തലിന്റെ ഉയർത്തെഴുന്നേൽപ്പ്**

പരിചിതരിൽനിന്ന് അപ്രതീക്ഷിതമാകുന്ന ചോദ്യങ്ങൾ ഒരുവനെ പരിഭ്രമിപ്പിക്കാറുണ്ട്. അവന്റെ അസ്ഥിത്വത്തെ സ്പർശിക്കാറുണ്ട്. ഇവിടെ പത്രോസിൽ അതാണ് സംഭവിക്കുന്നത്. ഒരേ സ്വഭാവമുള്ള ചോദ്യങ്ങൾ പലതവണ ഒരേ സമയത്ത് ആവർത്തിക്കപ്പെടുമ്പോൾ അയാളുടെ ഉള്ളത്തിൽ കടുത്ത ആഘാതമുണ്ടാകും. മൂന്നാം തവണ ആയപ്പോഴേക്കും പത്രോസ് വിറങ്ങലിച്ചുപോയി. അദ്ദേഹം ഇതൊരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല. ആദ്യം ഒരു ദുഃഖത്തിലേക്ക് വഴുതിവീഴുന്ന പത്രോസ് പിന്നെ പുതിയ ഒരാളായി മാറി. മുൻപും പത്രോസ് തീരുമാനങ്ങളിൽ ഭീരുവായിരുന്നില്ല. പാളിച്ചകൾ പ്രായോഗികതയിലായിരുന്നു. കർത്താവേ ഞാൻ നിന്നോടുകൂടെ തടവിലാകുവാനും മരിക്കുവാനും ഒരുങ്ങിയിരിക്കുന്നു (വി.ലൂക്കോസ് 22:33). ഞാൻ എന്റെ ജീവനെ നിനക്കുവേണ്ടി കളയും (വി.യോഹ.13:37. 14:40) എന്നിങ്ങനെ തേജസ്സാർന്ന പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷെ അതിലും സുന്ദരമായി ഇടറിപ്പോയിട്ടുമുണ്ട്. എന്നാൽ ഇപ്പോൾ അങ്ങനെയല്ല. ദിവസങ്ങൾക്കു മുൻപ് പത്തോ പതിനാലോ വയസ്സു പ്രായമുള്ള ബാല്യക്കാരത്തി പെൺകുട്ടിയുടെ മുൻപിൽ ഇടറിപ്പോയ പത്രോസ് ഇനി മേൽ അങ്ങിനെയല്ല. റോം ഭരിച്ചിരുന്ന നീറോ ചക്രവർത്തിയുടെ മുൻപിൽ നെഞ്ചും വിരിച്ചുനിന്ന് മരണത്തെ ഭയപ്പാടില്ലാതെ ഏറ്റുവാങ്ങുന്നു. എന്തൊരു മാറ്റമാണിത്. പെസഹാ രാത്രിയിൽ ഇലയനക്കത്തെയും നിഴലിനെയും പോലും ഒരുവേള ഭയപ്പെട്ടുപോയ പത്രോസിന്റെ നിഴലിൽപോലും ക്രിസ്തു വസിക്കുന്നതിന്റെയും രോഗികൾ സൗഖ്യമാകുന്നതിന്റെയും നേർക്കാഴ്ചകൾ നാം കാണുന്നു. ഒരു മനുഷ്യജന്മത്തിൽതന്നെ രണ്ടാമതും ജനിക്കേണ്ടിവരുന്ന വിസ്മയമാണിത്. ഒരാൾ സ്വയം കണ്ടെത്തുന്ന നിമിഷം അയാൾ ഉയർത്തെഴുന്നേൽക്കുകയാണ്. പത്രോസിൽ ഈ ഉയർത്തെഴുന്നേൽപ്പിൽനിന്നാണ് പിന്നീട് സ്വർഗ്ഗം തൊടുന്ന തീരുമാനങ്ങളും പ്രവർത്തനങ്ങളും സംഭവിക്കുന്നത്. പത്രോസ് വെളിച്ചത്തിന്റെ സഹയാത്രികനായി മാറിയിരിക്കുന്നു.

**തികഞ്ഞ സ്നേഹം – പഥികർക്ക് പൊതിച്ചോറ്**

ഉയർത്തെഴുന്നേറ്റ ക്രിസ്തു സാന്നിധ്യമാണ് ശിഷ്യന്മാരുടെ നെഞ്ചിൽ സുവിശേഷീകരണത്തിനുള്ള ധൈര്യത്തിന്റെ കനൽ നിറച്ചത്. ഇനിമേൽ അവരുടെ ജീവിതം പഴയതുപോലെയല്ല, ലോകത്തിന്റെ നാനാഭാഗത്തേക്കും ഗുരുവിനുവേണ്ടി മരിക്കാൻ അവർ ചുവട് ഉറപ്പിച്ചിരിക്കുകയാണ്. റോം ഉൾപ്പെടെ പല സാമ്രാജ്യങ്ങളും പീഢനങ്ങളാൽ അപ്പോസ്തോലന്മാരെയും ആദിമസഭയെയും പൊറുതിമുട്ടിക്കുമെന്ന് അറിയാമായിരുന്ന യേശുക്രിസ്തു വിശ്വാസത്തിൽ അവരെ ഉറപ്പിച്ചുനിർത്തുവാൻ ഉള്ളിൽ നിറച്ച പാഥേയമായിരുന്നു ആഴമായ ദൈവസ്നേഹം. മൂന്നുതവണ ശീമോനെ ആ സ്നേഹത്തിലേക്ക് നാഥൻ പിടിച്ചടുപ്പിക്കുകയാണ്. രണ്ട് അവസ്ഥകളിലാണ് ഒരാൾ ഭയമില്ലാതിരിക്കുക എന്ന് കേട്ടിട്ടുണ്ട്. ഒന്ന് തികഞ്ഞ സ്നേഹത്തിൽ. ഉദാഹരണമായി തീ ആളിപടരുന്ന വീട്ടിലേക്ക് സ്വന്തം കുഞ്ഞിനെ എടുക്കുവാൻ ഫയർഫോഴ്സ് മടിച്ചാലും സ്വന്തം അമ്മ മടിക്കാറില്ല. തികഞ്ഞ സ്നേഹമാണിത്. രണ്ട്, തികഞ്ഞ വെറുപ്പിൽ ഒരാൾക്ക് ഭയമുണ്ടാകില്ല. തീവ്രവാദികൾ ഉണ്ടാകുന്നത് അങ്ങനെയാണ്. ചില അവസ്ഥകളോടുള്ള വെറുപ്പാണ് ചാവേറുകളെ സൃഷ്ടിക്കുന്നത്. ഭക്തനും ഭ്രാന്തനും ഭയമില്ലെന്ന് കേട്ടിട്ടുണ്ട്. ഭക്തന് ബ്രഹ്മബോധം എല്ലാ ഭയത്തിൽനിന്നും വിടുതൽ നൽകുന്നു. ഭ്രാന്തന് ഭ്രമബോധം നിമിത്തം എന്തിനേയും പേടിക്കേണ്ടാതെ വരുന്നു. തികഞ്ഞ സ്നേഹത്തിലേക്ക് ബ്രഹ്മബോധത്തിലേക്ക് യേശു ശീമോനെ നടത്തുകയാണ്. വി.യോഹന്നാനാകട്ടെ അവസാനകാലത്ത് സ്നേഹം എന്ന് മാത്രം ഉച്ചരിച്ച് ജീവിച്ച വ്യക്തിയാണ്. സ്നേഹമെന്ന സ്നാനഘട്ടത്തിൽ യോഹന്നാൻ മുങ്ങിനിവർന്ന വ്യക്തിയാണ്. ബാക്കി പത്തുപേരും ഭയമെന്യേ മരണത്തെ പൂകിയപ്പോൾ ദൈവസ്നേഹത്തെക്കുറിച്ച് പറഞ്ഞ് അസ്തമിക്കാനായി വി.യോഹന്നാന്റെ ജീവിതം ദൈവം ബാക്കിവെച്ചു. പ.പൗലോസ് ശ്ലീഹാ ആണയിട്ടുപറയുന്നു കഷ്ടതയോ പട്ടിണിയോ നഗ്നതയോ ആപത്തോ വാക്കോ ഒന്നും തനിയെ ദൈവസ്നേഹത്തിന്റെ ചില്ലുടയ്ക്കാൻ സാധ്യമല്ല. അപ്പോസ്തോലന്മാരുടെയും പിതാക്കന്മാരുടെയും ഈ സ്നേഹത്തിലാണ് ക്രിസ്തീയ സഭ ഇങ്ങനെയായത്. കുഞ്ഞേ നിന്നെയും അവിടുന്ന് പിടിച്ചുലയ്ക്കുകയും പിടിച്ചടുപ്പിക്കിയും ചെയ്യുന്നുണ്ട്. നിന്നിലുള്ള ദൈവസ്നേഹം തിരിച്ചറിയാൻ. ശരിക്കും നീയെന്നെ സ്നേഹിക്കുന്നുണ്ടോ. ഈ ചോദ്യത്തിൽനിന്ന് നമുക്കാർക്കും രക്ഷയില്ല.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ലില്ലി ബോംബെ**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ലില്ലി ബോംബെ**

Vol. 18 Issue 12
April 16-30

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/163/2012-2014

Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

## ചിരിവര —————— ജോയി കുളനട



## ഡോക്ടറേറ്റ് നേടി



കണ്ണൂർ സർവ്വകലാശാലയിൽനിന്നും ഗണിതശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് അസിസ്റ്റന്റ് പ്രൊഫസർ ബീനാ കോശി. വയനാട് എഞ്ചിനീയറിംഗ് കോളജ് അസിസ്റ്റന്റ് പ്രൊഫസർ പത്തനംതിട്ട മല്ലശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം പാറയ്ക്കാട്ട് രാജീവ് രാജന്റെ ഭാര്യയും മല്ലശ്ശേരി കണിയാംചാലിൽ പ്രൊഫ.പി.കെ.കോശിയുടെയും സിസിലി കോശിയുടെയും മകളുമാണ്.

## ജൂനിയർ നാംസ്

മാവേലിക്കര : ആറാംക്ലാസ്സ് മുതൽ പത്താംക്ലാസ്സ് വരെ പഠിക്കുന്ന കുഞ്ഞുങ്ങളുടെ ജൂനിയർ നാംസ് സമ്മേളനം 2012 ഏപ്രിൽ 17 മുതൽ 21 വരെ മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിൽവെച്ചും, ഏപ്രിൽ 25 മുതൽ 29 വരെ തിരുവനന്തപുരം ശ്രീകാര്യം ഹോളി ട്രിനിറ്റി ഹൈസ്ക്കൂളിൽവെച്ചും ഏപ്രിൽ 23 മുതൽ 27 വരെ പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിൽവെച്ചും, ഏപ്രിൽ 22 മുതൽ 25 വരെ കോട്ടയം സെന്റ് പോൾസ് ബാലഗ്രാമിൽവെച്ചും നടത്തപ്പെടുന്നതാണ്. സഭയിലെ അഭിവന്ദ്യ പിതാക്കന്മാരും പ്രഗത്ഭരായ അദ്ധ്യാപകരും നേതൃത്വം നൽകും. ആദ്യം അപേക്ഷിക്കുന്ന 60 പേർക്കു മാത്രമെ പ്രവേശനം ഉണ്ടാകുകയുള്ളു. രജിസ്ട്രേഷൻ ഫീസ് 500 രൂപ കൂടുതൽ വിവരങ്ങൾക്ക് : പ്രൊഫ.കെ.സി.മാണി, ഫോൺ : 9447042409, പ്രൊഫ.പി.കെ.കുര്യൻ, ഫോൺ : 94471174131 എന്നിവരെ ബന്ധപ്പെടുക.

## ബസ്ക്യാമ്മ അസോസിയേഷൻ

പരുമല : അഖില മലങ്കര ബസ്ക്യാമ്മ അസോസിയേഷൻ വാർഷിക ക്യാമ്പ് ഏപ്രിൽ 25നും 26നും പരുമലയിൽ നടക്കും. നീതിമാൻ വിശ്വാസത്തിൽ ജീവിക്കും എന്നതാണ് മുഖ്യ ചിന്താവിഷയം. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ജെസി വർഗീസ്, ജനറൽ സെക്രട്ടറി, 9447563306 എന്ന നമ്പറിൽ ബന്ധപ്പെടുക.



**ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ**

**മേരിക്കുട്ടി സഖറിയാ, കോട്ടയം**

## അപേക്ഷകൾ ക്ഷണിക്കുന്നു

ഭാഗ്യസ്മരണാർഹനായ ഡോ.ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയാൽ സ്ഥാപിതമായ പുതുപ്പാടി സെന്റ് പോൾസ് ആശ്രമം & ബാലഭവന്റെ കോട്ടയം തിരുവാതുക്കലുള്ള ബ്രാഞ്ച് ഹൗസിൽ എസ്.എസ്.എൽ.സി., +2 പാസ്സായ ഏറ്റവും നിർദ്ധനരും എന്നാൽ പഠിക്കാൻ സമർത്ഥരുമായ ആൺകുട്ടികൾക്ക് അവിടെ താമസിച്ച് ഉപരിപഠനം നൽകുന്നതാണ്. അവരെ സഭയ്ക്കും സമൂഹത്തിനും പ്രയോജനമുള്ള നല്ല പൗരന്മാരാക്കി തീർക്കുക എന്ന ലക്ഷ്യത്തോടെ 2012 മെയ് മുതൽ പ്രവർത്തനം ആരംഭിക്കുകയാണ്. തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ 15 പേർക്ക് ആദ്യബാച്ചിൽ പ്രവേശനം നൽകും. ബാക്കി തെരഞ്ഞെടുക്കുന്ന അർഹരായവരെ ബാലഭവനത്തിന്റെ വിദ്യാർത്ഥികളായി പരിഗണിച്ച് അവരുടെ ഭവനങ്ങളിൽനിന്ന് പഠിക്കുവാൻ ആവശ്യമായ സഹായം നൽകുവാൻ ശ്രമിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് താഴെപ്പറയുന്ന വിലാസത്തിലോ ഫോൺ നമ്പരിലോ ബന്ധപ്പെടുക. : വെരി.റവ.കെ.ഐ.ഫിലിപ്പ് റമ്പാൻ, സെന്റ് പോൾസ് ആശ്രമം & ബാലഭവൻ, പുതുപ്പാടി പി.ഒ., കോഴിക്കോട്, ഫോൺ : 9447185805, ഫാ.സി.ജെ.ജോഷ്വാ, സെന്റ് പോൾസ് ആശ്രമം & ബാലഭവൻ, കോട്ടയം വെസ്റ്റ് –3, ഫോൺ : 9544838788

## ആവശ്യമുണ്ട്

കാലംചെയ്ത പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണയ്ക്കായി കുണ്ടറയിൽ സ്ഥാപിച്ചിട്ടുള്ള ബസ്സേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ (ബി.ജി.എം.ട്രസ്റ്റ്) ആഭിമുഖ്യത്തിൽ കൊല്ലം ഭദ്രാസനാധിപൻ സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്തായുടെ സംരക്ഷണയിൽ സ്ഥാപിച്ച് പ്രവർത്തിക്കാനുദ്ദേശിക്കുന്ന, ബാലഭവനിൽ വികലാംഗരായ കുട്ടികളെ സൗജന്യമായി താമസിപ്പിച്ച് അവർക്കുവേണ്ട ശുശ്രൂഷകൾ നൽകുന്നതിന് മേൽനോട്ടം വഹിക്കുവാനും പ്രാപ്തരായ സേവന മനോഭാവമുള്ള 40 വയസ്സിനുമേൽ പ്രായമുള്ള ഭാര്യഭർത്താക്കന്മാരെയോ മറ്റു സ്ത്രീപുരുഷന്മാരെയോ ആവശ്യമുണ്ട്. ഭക്ഷണവും താമസസൗകര്യവും സൗജന്യം. പ്രതിഫലം ആവശ്യമുള്ളവർക്കു നൽകുന്നതാണ്. താൽപര്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ ഒരുമാസത്തിനകം അപേക്ഷിക്കുക.

സഖറിയാ മാർ അന്തോണിയോസ് മെത്രാപ്പോലീത്താ, ബിഷപ്പ് ഹൗസ്, ക്രോസ് ജംഗ്ഷൻ, കൊല്ലം, ഫോൺ : 9496852535, എൻ.തോമസ് പണിക്കർ, സെക്രട്ടറി ബി.ജി.എം.ട്രസ്റ്റ്, തെക്കേപ്പുരയിൽ, കുണ്ടറ, ഫോൺ : 9447093224

## കുന്നംകുളം ഭദ്രാസന കൺവൻഷൻ

കുന്നംകുളം : കുന്നംകുളം ഭദ്രാസന ഓർത്തഡോക്സ് കൺവൻഷൻ മാർച്ച് 16,17,18 തീയതികളിൽ ആർത്താറ്റ് മെത്രാസന അരമനയിൽ നടന്നു. പ.ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൺവൻഷൻ ഉദ്ഘാടനം ചെയ്തു അനുഗ്രഹസന്ദേശം നൽകി. ഫാ.ജോൺ ചാക്കോ, ഫാ.ജോജി ഏബ്രഹാം, ഫാ.വർഗീസ് മാത്യൂ എന്നിവർ വചനശുശ്രൂഷ നിർവ്വഹിച്ചു. ഭദ്രാസന സെക്രട്ടറി ഫാ.ജോസഫ് തോലത്ത്, വൈദികസംഘം സെക്രട്ടറി ഫാ.പത്രോസ് ജി.പുലിക്കോട്ടിൽ, കൺവൻഷൻ കൺവീനർ ഫാ.ജോസഫ് ചെറുവത്തൂർ എന്നിവർ നേതൃത്വം നൽകി.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ലില്ലി ബോംബെ**

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor